**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 85 — 10.12.2012 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്; പരമാവധി എന്ത് തുക അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (എ) (1) ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.<br>(2) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br>(3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.<br>(4) ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.<br>(5)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവേചനാധികാരമുപയോഗിച്ച് പരമാവധി ഒരു ലക്ഷം രൂപ വരെ മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. മന്ത്രിസഭയുടെ അനുമതിയോടെ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.<br>(6) തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ഇൻഷുറൻസ് പരിരക്ഷയില്ലാത്ത കച്ചവട സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 10,000/- രൂപ വരെ അനുവദിക്കാം. കടൽ ക്ഷോഭം മൂലമുള്ള മരണം, ജീവനോപാധികൾക്കുള്ള നാശനഷ്ടങ്ങൾ, അപകട മരണം, ഇടിമിന്നലേറ്റുള്ള മരണം, എന്നിവക്കും സഹായധനമനുവദിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചില അപേക്ഷകളിന്മേൽ തുച്ഛമായ തുകയും ചില അപേക്ഷകളിന്മേൽ പരമാവധി തുകയും അനുവദിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെ പതിനായിരം രൂപ വരെയും, ചില പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്ക് പതിനായിരം രൂപ വരെയും, മരണം സംഭവിച്ച ദുരന്ത പൂർണ്ണമായ സാഹചര്യങ്ങളിൽ വിവേചനാധികാരം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വരെയും മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. മന്ത്രിസഭയുടെ അനുമതിയോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപയിൽ കൂടുതലും ധനസഹായമായി അനുവദിക്കാറുണ്ട്. റവന്യൂ വകുപ്പ് മന്ത്രിക്ക് 5,000/- രൂപ വരെ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ആലപ്പുഴ ജില്ലയിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; അവരുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ ജില്ലയിൽ 23,488 പേർക്ക് 12,24,07,557/- രൂപ (പന്ത്രണ്ടുകോടി ഇരുപത്തിനാലു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്റി അൻപത്തിയേഴ് രൂപ മാത്രം) ധനസഹായം അനുവദിച്ചിട്ടുണ്ട്. അവരുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുക പ്രായോഗികമല്ല. |
| (ഡി) | പ്രസ്തുത തുകയിൽ എന്ത് തുക നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്;വെളിപ്പെടുത്തുമോ ? | (ഡി) | പ്രസ്തുത തുകയിൽ നാളിതുവരെ 9,76,50,386/- രൂപ (ഒൻപത് കോടി എഴുപത്തിയാറു ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. അനുവദിച്ച തുകയിൽ 1,30,24,000/- രൂപ ഫണ്ടിന്റെ അഭാവം മൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബാക്കി തുക വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.